On.23/12/21..

04/12/21



## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.585(4)/*2015/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.3857/*എസ്.ഐ.സി-ജി 2/2015*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി: 04-12-2021)

**ശ്രീ. എം. സുരേഷ്,**
കഞ്ഞിപ്പീടികയിൽ ഹൗസ്,
അഴീക്കൽ പി.ഒ,
കണ്ണൂർ- 670 009 — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഹെഡ് മിനിസ്റ്റീരിയൽ ഓഫീസർ,
   സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം(എൽ.ആർ)
   ഇരുത്തുപറമ്പ്, കണ്ണൂർ
2. അപ്പീൽ അധികാരി & സ്പെഷ്യൽ തഹസിൽദാർ (എൽ.ആർ)
   സ്പെഷ്യൽ തഹസിൽദാരുടെ കാര്യാലയം(എൽ.ആർ)
   ഇരുത്തുപറമ്പ്, കണ്ണൂർ

— എതിർകക്ഷികൾ

### അന്തിമ ഉത്തരവ്

ഈ അപ്പീൽ ഹർജിയിൽ കമ്മീഷൻ 23-07-2021 ൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നതാണ്. അതിൽ ഉത്തരവായിരുന്നത് ഇപ്രകാരമാണ്. കണ്ടെത്താൻ

കഴിഞ്ഞില്ല എന്നു പറയുന്ന ഫയലുകൾ സൂക്ഷിക്കാനുള്ള സമയപരിധി കഴിഞ്ഞതുകൊണ്ട് നിയമപ്രകാരം അവ നശിപ്പിച്ചു എന്നതിന് തെളിവു സമർപ്പിക്കണം എന്നും, അല്ലാത്ത പക്ഷം രണ്ടു മാസത്തിനുള്ളിൽ തെരച്ചിൽ നടത്തി ഫയൽ കണ്ടെത്തി അപേക്ഷകന് പകർപ്പുകൾ പൂർണ്ണമായും സൗജന്യമായി നൽകണം എന്നുമായിരുന്നു.

2. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 31-08-2021ൽ കമ്മീഷന് വിശദീകരണം നൽകി അപേക്ഷകൻ പരാമർശിച്ച ഫയൽ റെക്കോർഡ് റൂമിൽ നിന്നും കണ്ടെത്തിയെങ്കിലും ടിയാൾ ആവശ്യപ്പെട്ട RI റിപ്പോർട്ട്, പ്ലാൻ എന്നിവ ഫയലിൽ ലഭ്യമല്ലെന്നു ബോധ്യപ്പെട്ടിട്ടുണ്ടെന്നും, ആയതിനാൽ OA 5619/75 നമ്പർ ഫയൽ നിലവിൽ ലഭ്യമായ മുഴുവൻ രേഖകളുടെയും പകർപ്പ് ടിയാന് അനുവദിച്ചിട്ടുള്ളതാണെന്നും, ടി വിശദീകരണത്തിൽ പറയുന്നു. കണ്ണൂർ ജില്ലയിൽ മുമ്പ് പ്രവർത്തിച്ചിരുന്നതും പിന്നീട് നിർത്തലാക്കിയതുമായ 23 ലാന്റ് ട്രിബ്യൂണൽ കോടതികളിൽ 16 ലക്ഷത്തോളം ഫയലുകൾ, മേൽ ഓഫീസുകൾ നിർത്തലാക്കി ഈ ഓഫീസിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും, ഓഫീസിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം അവ വർഷം തിരിച്ച് ക്രമീകരിച്ചു സൂക്ഷിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല എന്നും നിലവിൽ റെക്കോർഡുകൾ ക്രമീകരിക്കുന്നതിന് കൂടുതൽ റാക്കുകൾ ലഭ്യമായ സാഹചര്യത്തിൽ പഴയ റെക്കോർഡുകൾ തരംതിരിച്ച് ക്രമീകരിക്കുന്ന പ്രവൃത്തി നിലവിൽ എല്ലാ ദിവസവും ചെയ്തു വരുന്നുണ്ടെന്നും 1970 മുതൽ ഉള്ളതും കാലപ്പഴക്കം മൂലം പല ഫയലുകളും ദ്രവിച്ചു പോയിട്ടുള്ളതു കൊണ്ടും , ഭീമമായ അളവിലുള്ള ഫയലുകളുടെ ക്രമീകരണം അത്യന്തം ദുഷ്കരമായതിനാലുമാണ് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ഫയൽ കണ്ടെത്തി നിശ്ചിത സമയപരിധിക്കകം വിവരം നൽകാൻ കഴിയാതെ വന്നതെന്നും വിശദീകരണത്തിൽ തുടർന്നു പറയുന്നു. ഒന്നാം എതിർകക്ഷിയുടെ വിശദീകരണം ആത്മാർത്ഥവും വസ്തുനിഷ്ഠവുമാണെന്നു കമ്മീഷൻ വിലയിരുത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ

ഹർജിയിൽമേൽ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം ഡിസംബർ 3, 2021 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre